## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 95

11 .02.2016-ൽ
മറുപടിയ്ക്ക്

# 'റവന്യു അദാലത്ത്'

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി. റ്റി. ബൽറാം
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. അടൂർ പ്രകാശ്
റവന്യുവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് റവന്യു അദാലത്തുകൾ നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് അദാലത്തു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (ബി) റവന്യു മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്ത് വഴി ലക്ഷ്യമിട്ടിട്ടുള്ളത്. വർഷങ്ങളായോ, മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളിലോ, കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച് സേവനം നൽകുകയുമാണ് അദാലത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) ഇത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) റവന്യു വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ റവന്യു-സർവ്വേ അദാലത്ത് 08/01/2015 മുതൽ 27/02/2015 വരെ സംഘടിപ്പിക്കുകയും എൽ. ആർ. എം (ലാൻഡ് റെക്കോർഡ്സ് മാനേജ്മെന്റ്) , സി. എം. ഡി. ആർ. എഫ് (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി), എൻ. എഫ്. ബി. എസ് (നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം), പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, കെ. എൽ. യു (കേരള ലാൻഡ് യൂട്ടിലൈസേഷൻ), പ്രകൃതിക്ഷോഭം തുടങ്ങിയവയുമായി ബന്ധപ്പെട്ട് റവന്യു-സർവ്വേ വകുപ്പുകളിൽ 31/10/2014 വരെ നിലവിലുണ്ടായിരുന്നതും 01/11/2014 മുതൽ 20/12/2014 വരെ ലഭിച്ചതുമായ 476377 അപേക്ഷകളിൽ 467515 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

R.G.